# I ഗോത്ര കലാരൂപങ്ങൾ: മുതുവാൻ സമുദായം

രാജേന്ദ്രൻ സി

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്ക്, അടിമാലി, ഉടുമ്പൻ ചോല, എറണാകുളം ജില്ലയിലെ കുട്ടമ്പുഴ തൃശ്ശൂർ ജില്ലയിലെ അതിര പ്പള്ളി മേഖല എന്നിവിടങ്ങളിലായി മുതുവാൻ സമുദായക്കാർ ജീവിച്ചു വരുന്നു. തനതായ ഗോത്രാചാരങ്ങളും, ജീവിത രീതികളും ആചാര അനുഷ്ഠാനങ്ങളും പുലർത്തുന്നവരാണ് മുതുവാൻമാർ. അടുത്തടുത്ത വീടുകളിലായി ഗ്രാമങ്ങൾ ആയിട്ടാണ് മുതുവാൻമാർ ജീവിക്കുന്നത്. ഇതിനെ 'കുടികൾ' എന്ന് വിളിക്കുന്നു. എല്ലാ കുടി യിലും അമ്പലം, സത്രം, വാലായ്മപുര എന്നീ സ്ഥാപനങ്ങൾ ഉണ്ടാ വും. അമ്പലങ്ങൾ കേന്ദ്രീകരിച്ചാണ് കലാരൂപങ്ങൾ നിലകൊള്ളുന്നത്. കൂത്ത് ആണ് മുതുവാൻ സമുദായത്തിന്റെ പ്രധാന കലാരൂപം. കൂടാതെ പൊങ്കലിനോട് അനുബന്ധിച്ച് മാനാട്ടം, മയിലാട്ടം എന്നി വയും ഉണ്ട്.

പെൺകുട്ടികൾ ഋതുമതികൾ ആകുമ്പോഴും കല്ല്യാണത്തിന്റെ ചട ങ്ങുകൾക്കിടയിലുമുള്ള 'ആശപ്പാട്ട്' ആണ് മറ്റൊരു കലാരൂപം. കലാ രൂപങ്ങൾ വളരെ കുറവും അവയെ പിൻതുടരുന്നതിൽ ഇന്നത്തെ കാലത്ത് വളരെ വിമുഖത കാണിക്കുന്നവരുമാണ് മുതുവാൻമാർ. അതു കാരണം പാരമ്പര്യ കലാരൂപങ്ങൾ അന്യം നിന്നു പോകാനുള്ള സാധ്യത വളരെ കൂടുതലാണ്.

## കൂത്ത്

'കൂത്ത്' ആണ് മുതുവാൻമാരുടെ പ്രധാന കലാരൂപം. 'പൊങ്കൽ', മറ്റു ഉത്സവവേളകൾ എന്നീ സമയങ്ങളിലാണ് കൂത്ത് അവതരിപ്പിക്കു ന്നത്. ചെണ്ടമേളത്തിന്റെയും കുഴലിന്റെയും അകമ്പടിയോടെയാണ് കൂത്ത് അവതരിപ്പിക്കുന്നത്. ചെണ്ടമേളം പരമ്പരാഗതമായി 'ചക്ലിയർ' വിഭാഗക്കാരാണ് കൊട്ടുന്നത്. പൊങ്കലിനും മറ്റും ഇവരെ പുറത്തു നിന്നു കൊണ്ടുവരും. എന്നാൽ പല കുടികളിലും ഇന്ന് സമുദായംഗ ങ്ങൾ തന്നെ ചെണ്ട കൊട്ടി കൂത്ത് അവതരിപ്പിക്കുന്നു.

ആണുങ്ങളും, പെണ്ണുങ്ങളും വെവ്വേറെയാണ് കൂത്ത് കളിക്കുന്ന ത്. ആളുകൾ വട്ടത്തിൽ കൂട്ടമായി കൂടിയാണ് കൂത്ത് അവതരിപ്പിക്കു ന്നത്. ആളുകളുടെ എണ്ണം എത്ര വേണമെങ്കിലുമാകാം. കൂത്തിന് പ്ര ത്യേക വേഷമൊന്നുമില്ല. പൊങ്കലിന് ആണ് കൂത്ത് എങ്കിൽ ആളുകൾ പല പല വേഷങ്ങളിൽ ആയിരിക്കും. പണ്ട് ഉറുമാൽ കെട്ടിയാണ് ആണുങ്ങൾ കൂത്ത് അവതരിപ്പിച്ചിരുന്നത്. സ്ത്രീകൾ നീളമുള്ള വെ ള്ളതുണി കൈയിൽ പിടിച്ചിട്ടുണ്ടാകും. അത് വീശിക്കൊണ്ടാണ് കൂത്ത് അവതരിപ്പിക്കുന്നത്.



ചിത്രം: 19 ഉറുമ്പുശി വാദ്യോപകരണം[19]



ചിത്രം: 20 മുത്തിക്കൊട്ടി വാദ്യോപകരണം[20]



ചിത്രം : 21 കിട്മ്പ്ട്ടി വാദ്യോപകരണം[21]

## വാദ്യോപകരണങ്ങൾ

മുത്തിക്കൊട്ടി, ഉറുമ്പുശി, കിട്മ്പ്ട്ടി, കുഴൽ എന്നിവയാണ് കലാവതരണത്തിന് ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ. മുത്തിക്കൊട്ടിയുടെ ഒരുവശത്ത് വടി കൊണ്ടും ഒരു വശത്ത് കൈ കൊണ്ടും കൊട്ടുന്നു. ഒരു വശം ഉരസി ശബ്ദം ഉണ്ടാക്കുന്ന വാദ്യോപകണമാണ് ഉറുമ്പുശി. മറുവശത്ത് കൊട്ടുന്നു. താരതമ്യേന ചെറിയ കമ്പുകൾ കൊണ്ട് ഇരുവശത്തും കൊട്ടുന്ന വാദ്യോപകരണമാണ് കിട്മ്പ്ട്ടി.



ചിത്രം: 22 കൂത്ത് അവതരിപ്പിക്കുന്ന[22] താതൻമാർ[23]

## ആശപ്പാട്ട്

പെൺകുട്ടികൾ ഋതുമതികൾ ആകുമ്പോൾ 'തണ്ണിയല' എന്നൊരു ആചാരമുണ്ട്. പെൺകുട്ടിയെ മഞ്ഞൾ കലക്കിയ വെള്ളത്തിൽ കുളിപ്പിക്കുമ്പോഴും വീടുകൾ തോറും തോഴിമാരുടെ അകമ്പടിയോടെ ചെല്ലുമ്പോഴും തോഴിമാരും സ്ത്രീകളും ഈ പാട്ട് ഉച്ചത്തിൽ പാടും. പെൺകുട്ടിയുടെ വളർച്ചയെപ്പറ്റിയും കുടുംബനാഥ ആകുന്നതിനുള്ള കഴിവും പ്രാപ്തിയും പൂർത്തിയായതും പെൺകുട്ടിയുടെ സൗന്ദര്യം, ബുദ്ധി വൈഭവം എന്നിവയെപ്പറ്റിയും പാട്ടുകളിലെ വരികളിൽ പരാമർശമുണ്ടാകും. കല്ല്യാണ സമയത്ത് പെൺകുട്ടിയെ ഒളിപ്പിക്കുമ്പോഴും തോഴിമാർ ഈ പാട്ട് അവതരിപ്പിച്ചിരുന്നു.

മാനാട്ടം, മയിലാട്ടം, കാവടിയാട്ടം, കറകാട്ടം എന്നിവ അവതരിപ്പിക്കുന്നതും പൊങ്കൽ വേളകളിലാണ്. എന്നാൽ ഇവ സമുദായത്തിന്റെ പരമ്പരാഗത കലാരൂപങ്ങൾ അല്ല. തമിഴ് ജനതയുടെ സ്വാധീനവും അവരോട് ഇടപഴകിയുള്ള ജീവിതത്തിന്റെ ഭാഗമായും പിന്നീട് വന്നു ചേർന്നതാണ്.

## കോഴിയാട്ടം (കോയാട്ട്)

ഇത് പൊങ്കലിനോട് അനുബന്ധിച്ച് നടത്താറുള്ള അനുഷ്ഠാന കലയാണ്. പൊങ്കലിന്റെ അവസാന നാൾ താതൻമാർ (കോമാളിക്കൂട്ടം) അവതരിപ്പിക്കുന്നതാണ്. ദേഹം മുഴുവൻ കരിപൂശി, ഇലകൾ കൊണ്ട് ദേഹം മറച്ച് വീടുകൾ തോറും സന്ദർശിക്കുകയും വീടുകളിൽ നിന്നും കോഴിയെ നേർച്ചയായി സ്വീകരിക്കുകയും ചെയ്യുന്നു. കോഴി ഇല്ലെങ്കിൽ പണമോ, ധാന്യമോ നൽകും. പൊങ്കലിന് വേഷം കെട്ടുന്ന താതൻമാരിൽ മൂത്ത ആളായിരിക്കും ഈ ചടങ്ങിന്റെ പ്രധാനി. വീടുകളിൽ നിന്ന് നേർച്ച സ്വീകരിക്കുന്നതും താതൻമാരെ നയിക്കുന്നതും ഇദ്ദേഹമായിരിക്കും.

## ഊരിലെ നിയമങ്ങളും, കാണി സമ്പ്രദായവും

തനതായ പാരമ്പര്യവും ജീവിതചര്യകളും നിലനിർത്തി പോരുന്ന മുതുവാൻമാർക്ക് സാമൂഹികമായി ആരോഗ്യമുള്ള ഒരു സമൂഹമായി തങ്ങളുടെ സംസ്കാരത്തെ മുന്നോട്ടു കൊണ്ടു പോകാനും നിലനിർത്താനും ആവശ്യമായ നിയമങ്ങളും ആചാരങ്ങളുമുണ്ട്.

## സത്രം (ചാവിടി)

ഇത് ഒരു പൊതു സ്ഥാപനമാണ്. ഊരിലെ പൊതുവായ കാര്യങ്ങൾ തീരുമാനിക്കുന്നതും, പൊതുസഭ, ഊരുകൂട്ടം, ഗ്രാമസഭ എന്നിവ കൂടുന്നതും, ഊരുകൂടി വിചാരണ (പഞ്ചായം) നടത്തുന്നതും അതിഥികളെ സ്വീകരിക്കുന്നതും നേരമ്പോക്കുകൾക്കും എല്ലാം ഉപയോഗിക്കുന്ന ഒരു സാമൂഹിക സ്ഥാപനമാണ് സത്രം. പുരുഷൻമാർ മാത്രമാണ് സത്രം നിയന്ത്രിക്കുന്നത്. സ്ത്രീകൾക്ക് പ്രവേശനം ഇല്ല. ഉറുമാൽ കെട്ട് ചടങ്ങ് കഴിഞ്ഞ് വിവാഹം കഴിയാത്ത ചെറുപ്പക്കാരായ ഇഴന്താരികളുടെ മേൽനോട്ടത്തിലാണ് എല്ലാ കാര്യങ്ങളും സത്രത്തിൽ തീരുമാനിക്കപ്പെടുന്നത്. കാണിയെ പോലെ തന്നെ അധികാരമുള്ള ആളാണ് ഇഴന്താരികളും അവരുടെ ലീഡറായ വലിയ ഇഴന്താരിയും.



ചിത്രം: 23 മുതുവാൻ ജനതയുടെ സത്രം[24]

സത്രം വൃത്തിയായി സൂക്ഷിക്കുക, ആതിഥ്യ മര്യാദകൾ പാലിക്കുക, തീ കൂട്ടുക, മെഴുകുക തുടങ്ങിയവ അഞ്ച് വയസ്സ് മുതൽ ഉറുമാൽ കെട്ടുന്നതുവരെ പ്രായമുള്ള ആൺകുട്ടികളുടെ ചുമതലയാണ്. മുതിർന്ന കുട്ടികൾക്ക് ചില കഠിന ജോലികളും ചെറിയ കുട്ടികൾക്ക് ലഘുവായ ജോലികളും വലിയ ഇഴന്താരി അടങ്ങുന്ന ഇഴന്താരി സംഘം നിശ്ചയിച്ചു നല്കും. കൃത്യമായ മേൽനോട്ടവും ഉണ്ടാകും. അഞ്ച് വയസിന് മുകളിൽ പ്രായമുള്ള കുട്ടികൾ, ഇഴന്താരികൾ എന്നിവർ സ്വന്തം വീട്ടിലോ ഊരിനകത്തുള്ള വീടുകളിലോ അന്തിയുറങ്ങാൻ പാടില്ല. സത്രത്തിൽ മാത്രമേ അന്തിയുറങ്ങാവൂ. വൈകിട്ടും പുലർച്ചയും വീടുകൾ തോറും ചെന്ന് വിറകുകമ്പോ, വിറകു കൊള്ളിയോ സത്രത്തിൽ എത്തിക്കണമെന്നത് എല്ലാ കുട്ടികളുടെയും ജോലിയാണ്.

## ഇഴന്താരി വെല്ലി

പാവപ്പെട്ടവരും ശാരീരിക അവശതകൾ ഉള്ളവർക്കും ഇഴന്താരികൾ ചേർന്ന് പൊതുവായ സഹായങ്ങൾ ചെയ്തുകൊടുക്കും. വീട് നിർമ്മിച്ചു നൽകുക, കൃഷിക്കു സഹായിക്കുക, തുടങ്ങിയ കാര്യങ്ങൾ.

## ഇഴന്താരി കട്ട്

ഊരിലെ പൊതു നിയമങ്ങൾ, അനുസരിക്കാത്തവർ ഊര് വിലക്കിയവർ എന്നിവർക്കും മറ്റു ഗുരുതരമായ വീഴ്ചകൾ ഊരിൽ നടത്തുന്നവർക്കും ഇഴന്താരികട്ട് കൽപിക്കും പിന്നീട് അവരുടെ വീടു മായി യാതൊരു ബന്ധവും അത് നീക്കുന്നതു വരെ ഉണ്ടാവുകയില്ല. ഉണ്ടായാൽ അവർക്കും ഈ നിയമം നടപ്പിലാക്കും. സത്രത്തിന്റെ നട ത്തിപ്പിൽ കാണിയേക്കാൾ അധികാരം ചെറുപ്പക്കാരുടെ നേതാവായ വലിയ ഇഴന്താരിക്ക് ആണ്.

## കാണി

ഊരിന്റെ മുഖ്യനും പ്രതിനിധിയും കാണി ആയിരിക്കും. സർവ്വ അധികാരങ്ങളും തീരുമാനങ്ങൾ എടുക്കുന്നതും കാണി ആണ്. എന്നാൽ മറ്റു മുതിർന്ന ആളുകളുമായി കൂടി ആലോചിച്ചു വേണം തീരുമാനം എടുക്കുവാൻ. കഴിവുകൾ നോക്കിയും, മുതിർന്ന ആളുക ൾക്കുള്ള ഒരു അംഗീകാരമായും കാണിയെ തിരഞ്ഞെടുക്കാറുണ്ട്. പ ല ഊരുകളിലും, പല മാനദണ്ഡങ്ങളാണ്. കാണിയുടെ നടപടികൾ ശരിയല്ലെങ്കിൽ ഊരിലെ ആർക്കു വേണമെങ്കിലും കാണിയെ രാജിക്കു നിർബന്ധിക്കാം. അത് ഊരുകൂട്ട തീരുമാനത്തിൽ ന്യായമാണെങ്കിൽ മറ്റൊരാളെ കാണിയായി തിരഞ്ഞെടുക്കാം.

സർക്കാരിന്റെ പരിപാടികൾക്ക് ഊരിന്റെ പ്രതിനിധിയായും മറ്റു പൊതു പരിപാടികൾക്കും ഗ്രാമങ്ങളിലെ പൊതുപരിപാടികൾക്കും ഊ രിനെ പ്രതിനിധീകരിച്ചോ പ്രധാനി ആയിട്ടോ ആയി കാണിയാണ് പ ങ്കെടുക്കുക. ഒരേ സമയം ഒന്നിലേറെ കുടികളിൽ കാണി സ്ഥാനം വഹിക്കുന്നവരും ഉണ്ട്.

## ഊര് വിലക്ക്

ഊരു നിയമങ്ങളിൽ ഏറ്റവും കഠിനമായതും ആരും ആഗ്രഹി ക്കാത്തതുമായ ശിക്ഷാരീതിയാണ് ഊര് വിലക്ക്. ഗുരുതരമായ കുറ്റങ്ങ ൾക്ക് മാത്രമേ ഇതു കൽപ്പിക്കാറുള്ളൂ. മറ്റു വിഭാഗക്കാരുമായുള്ള കല്ല്യാണം. പോത്തിറച്ചി പോലുള്ള സമുദായത്തിനു നിരക്കാത്തതായ മറ്റേതെങ്കിലും ഭക്ഷണരീതികൾ, ഇല്ലത്തിന്റെ നിയമം അനുസരിച്ചല്ലാ ത്ത കല്ല്യാണങ്ങൾ എന്നിവയ്ക്ക് ഊര് വിലക്കാണ് ശിക്ഷ. വിട്ടുവീഴ്ച കളോ ചർച്ചകളോ ഇല്ല.

## പഞ്ചായം

വ്യക്തികൾ, കുടുംബങ്ങൾ തമ്മിൽ ഭൂമിത്തർക്കം, വാക്കാലോ പ്രവൃത്തികളാലോ ഉള്ള തർക്കങ്ങൾ, മറ്റേതെങ്കിലും പ്രശ്നങ്ങൾ ഇവ ഉള്ളവർക്ക് ഊര് കൂട്ടി പഞ്ചായം ആവശ്യപ്പെടാം. വ്യക്തമായ വിചാരണ നടത്തി ശരി തെറ്റുകൾ കണ്ടെത്തി കുറ്റക്കാർ ശിക്ഷിക്കപ്പെടുകയും പരാതിക്കാരന് നീതി ലഭിക്കുകയും ചെയ്യുന്ന ഒരു കോടതി സംവിധാനമാണ് പഞ്ചായം. സത്രത്തിലോ പൊതുവായ മറ്റിടങ്ങളിലോ ആണ് ഇത് സംഘടിപ്പിക്കുന്നത്. സ്ത്രീകൾക്ക് അവിടെ നേരിട്ടു വന്ന് വിചാരണ നേരിടേണ്ടതില്ല.

## കല്ല്യാണവും നിയമങ്ങളും

മുതുവാൻ സമുദായക്കാർക്ക് മറ്റൊരു സമുദായത്തിൽ നിന്നും ഒരു കാരണ വശാലും വിവാഹം ചെയ്യാൻ പാടില്ല. ചെയ്താൽ ഊര് വിലക്കി സമുദായത്തിനു പുറത്താക്കും. പാരമ്പര്യമായി ഇല്ലങ്ങൾ തിരിച്ചുള്ള ഒരു ഘടനയായാണ് മുതുവാൻ സമുദായം നിലകൊള്ളുന്നത്. ഒരു ഇല്ലത്തിന് ഇന്ന ഇല്ലത്തിൽപ്പെട്ടവരെ മാത്രമേ കല്ല്യാണം കഴിക്കാവൂ. ബന്ധങ്ങൾ വച്ചു നോക്കുമ്പോൾ അത് അമ്മാവന്റെയോ അമ്മായിയുടെയോ മക്കളാവണം. അല്ലാത്ത വിവാഹം അനുവദിക്കുകയില്ല. സ്വന്തം ഇല്ലത്തിൽ നിന്ന് ഒരു കാരണവശാലും വിവാഹം അനുവദിക്കുകയില്ല. അവർക്കും ഊര് വിലക്ക് തന്നെയാണ് ശിക്ഷ. മറ്റുള്ള സമുദായക്കാരുമായി വിവാഹം നടക്കാതിരുന്നാൽ മാത്രമെ മുതുവാൻ സംസ്കാരത്തിന്റെ തനിമ നിലനിൽക്കൂ എന്നതിനാലാണ് പുറത്തേക്കുള്ള വിവാഹങ്ങൾക്ക് അനുവാദമില്ലാത്തത്.